"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - Upgradation of Anganwadi Centres to Saksham Anganwadi 2022-23&2024-25 - സക്ഷം അങ്കണവാടികളായി നവീകരിക്കുന്നതിന് കേന്ദ്രവിഹിതവും ആനുപാതിക സംസ്ഥാനവിഹിതവും പദ്ധതിക്കായുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.38/2026/WCDD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:-

1. കേന്ദ്ര സർക്കാരിന്റെ 04/03/2022 ലെ 11/3/2021-CD-I(Part-2)നം.കത്ത്
2. കേന്ദ്ര സർക്കാരിന്റെ 24/01/2025 ലെ CD-I-12/2/2024-CD-I(e-115277)നം.കത്ത്
3. കേന്ദ്ര സർക്കാരിന്റെ 23/10/2025 ലെ CD-II/13/2024-CD-IIനം. കത്ത്.
4. വനിത ശിശു വികസന ഡയറക്ടറുടെ 01/11/2025 തീയതിയിലെ DWCD/4419/2024-ICDSA7 നമ്പർ കത്ത്
5. സ.ഉ(സാധാ)നം. 10015/2025/ധന തീയതി 15/12/2025

**<u>ഉത്തരവ്</u>**

സക്ഷം അങ്കണവാടി & പോഷൺ2.0യുടെ ഭാഗമായി, അങ്കണവാടി കേന്ദ്രങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സക്ഷം അങ്കണവാടികളായി നവീകരണം നടത്തി വരുന്നു. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ സർഗാത്മകവും, സാമൂഹികവും, വൈകാരികവും, വൈജ്ഞാനികവും, ബൗദ്ധികവുമായ വികാസം ഉത്തേജിപ്പിക്കുന്നതിനായി പോഷൺവാടികൾ ഉൾപ്പെടെ മെച്ചപ്പെട്ട പോഷകാഹാര വിതരണത്തിനായി അങ്കണവാടികൾ ശക്തിപ്പെടുത്തുന്നതിനും ഇന്റർനെറ്റ്/വൈഫൈ കണക്റ്റിവിറ്റി , LED സ്ക്രീനുകൾ, വാട്ടർ പ്യൂരിഫെയർ, ആർഒ മെഷീൻ ഇൻസ്റ്റലേഷൻ, സ്മാർട്ട് ലേണിംഗ് എയ്ഡുകൾ, ഓഡിയോ വിഷ്വൽ എയ്ഡുകൾ, ശിശു സൗഹൃദ പഠനോപകരണങ്ങൾ എന്നിവയുൾപ്പെടെ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടി അങ്കണവാടികൾ നവീകരിക്കുന്നതിനും കൂടുതൽ സേവനങ്ങൾ അങ്കണവാടികൾ മുഖേന ലഭ്യമാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

(2) 2022-23 സാമ്പത്തികവർഷം 250 അങ്കണവാടികൾക്കും 2024-25 സാമ്പത്തിക വർഷം 2192 അങ്കണവാടികൾക്കും പരാമർശം(1),(2) പ്രകാരം നവീകരണാനുമതി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(3) പരാമർശം(1) പ്രകാരം നവീകരണാനുമതി അനുവദിച്ച 2022-23 സാമ്പത്തിക വർ ഷത്തിലെ 250 അങ്കണവാടികളിൽ ശേഷിക്കുന്ന ഘടകങ്ങൾ കൂടി നവീകരിക്കുന്നതിലേക്കായി 33.88 ലക്ഷം രൂപയും, പരാമർശം (2) പ്രകാരം നവീകരണാനുമതി അനുവദിച്ച 2024-25 സാമ്പത്തിക വർഷത്തിലെ 2192 അങ്കണവാടികളെ നവീകരിക്കുന്നതിലേക്കായുള്ള 1315.20 ലക്ഷം രൂപയും ചേർത്ത് ആകെ ലഭിക്കാനുള്ള 1349.08 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 337.27 ലക്ഷം രൂപ പരാമർശം(3) പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതം (40%) ₹2,24,84,667/- രൂപയാണ് . പദ്ധതി നടത്തിപ്പിനായി ടി തുകകൾ ബന്ധപെട്ട SNA അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിനായി അനുവദിച്ചിട്ടുള്ള, 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ചെലവഴിക്കുന്നതിനുള്ള ബജറ്റ് വിഹിതത്തിൽ 2235-02-102-33-(01) പ്ലാൻ ശീർഷകത്തിൽ 75,00,000/- രൂപയും, സംസ്ഥാന വിഹിതം ചെലവഴിക്കുന്നതിനുള്ള 2235-02-102-33-(02) പ്ലാൻ ശീർഷകത്തിൽ 50,00,000/- രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് പദ്ധതി നടത്തിപ്പിന് അപര്യാപ്തമാണ്.

(4) മേൽ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് ആവശ്യമായ കേന്ദ്ര വിഹിതമായ 3,37,27,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ 2,24,84,667/- രൂപയും SNA അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനായി 2235-02-102-33(01) പ്ലാൻ ശീർഷകത്തിൽ കേന്ദ്ര-ബജറ്റ് വിഹിതം കുറവ് ചെയ്ത് 2,62,27,000/- രൂപയും, 2235-02-102-33 (02) പ്ലാൻ ശീർഷകത്തിൽ സംസ്ഥാന-ബജറ്റ് വിഹിതം കുറവ് ചെയ്ത് 1,74,84,667/- രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കേണ്ടതുണ്ട്. Upgradation of Anganwadi Centres to Saksham Anganwadi 2022-23 & 2024-25 പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണത്തിന് ഈ സാമ്പത്തിക വർഷം ആദ്യ ഗഡുവായി ലഭിച്ച കേന്ദ്ര വിഹിതമായ 3,37,27,000/-രൂപയിൽ 2,62,27,000/- രൂപ 2235-02-102-33 (01) പ്ലാൻ ശീർഷകത്തിലും ആനുപാതിക സംസ്ഥാന വിഹിതമായ 2,24,84,667/- രൂപയിൽ 1,74,84,667/- രൂപ 2235-02-102-33(02) പ്ലാൻ ശീർഷകത്തിലും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിക്കുന്നതിനും, പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ആകെ ആവശ്യമായ കേന്ദ്ര വിഹിതമായ **₹3,37,27,000/-** രൂപയും സംസ്ഥാന വിഹിതമായ **₹2,24,84,667/-** രൂപയും ചേർത്ത് ആകെ **₹5,62,11,667/-** (അഞ്ച് കോടി അറുപത്തിരണ്ട് ലക്ഷത്തി പതിനൊന്നായിരത്തി അറുനൂറ്റി അറുപത്തി ഏഴ്) രൂപ വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ ICICI ബാങ്കിൽ ആരംഭിച്ചിട്ടുള്ള Upgradation of Anganwadi Centers Scheme ന്റെ (Scheme code KL 249) SNA അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിനും ടി തുക വിനിയോഗിച്ച് അങ്കണവാടി നവീകരിക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Upgradation of Anganawadi centers to Saksham Anganwadi 2022-23 & 2024-25 പദ്ധതിയ്ക്കായി കേന്ദ്രവിഹിതം ₹ 2,62,27,000/- രൂപയും , സംസ്ഥാനവിഹിതമായി ₹1,74,85,000 /- രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച് പരാമർശം(5) പ്രകാരം തുക വകയിരുത്തിയിട്ടുണ്ട് . അങ്കണവാടി കെട്ടിടങ്ങളുടെ നവീകരണത്തിന് ഈ സാമ്പത്തിക വർഷം ആദ്യ ഗഡുവായി ലഭിച്ച കേന്ദ്ര

വിഹിതമായ ₹3,37,27,000 /- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ ₹2,24,84,667 /- രൂപയും യഥാക്രമം 2235-02-102-33 (01), 2235-02-102-33 (02) ശീർഷകങ്ങളിൽ നിന്നും റിലീസ് ചെയ്യുന്നതിനും അപ്രകാരം ആകെ **₹5,62,11,667** /- (അഞ്ച് കോടി അറുപത്തിരണ്ട് ലക്ഷത്തി പതിനൊന്നായിരത്തി അറുനൂറ്റി അറുപത്തി ഏഴ്) രൂപ പദ്ധതിയ്ക്കായുള്ള SNA അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് No.WCD-1/289/2025-FIN(E: 3341131)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Renji George
Date: 28-01-2026 15:26:01
സെക്ഷൻ ഓഫീസർ